# സുകുമാരകഥയുടെ മറുവശം

പ്രൊഫ. കെ.പി. ശങ്കരൻ

**ശ്രീ: ഇടശ്ശേരിയുടെ മികച്ച കവിതകളിലൊന്നാണ് 'ചൂരലിന്റെ മുൻപിൽ'.– കവിതയോട് അഭിനിവേശമുള്ള അദ്ധ്യാപകരെല്ലാം തങ്ങളുടെ മാനസികസംസ്കരണത്തിനു കാര്യമായി സംഭാവന ചെയ്യുന്ന ഒന്ന് എന്ന നിലയിൽ, അതൊന്നു വിശേഷിച്ചു പഠിച്ചുവെയ്ക്കുന്നത് ആശാസ്യമാവും –**

അദ്ധ്യാപകരെ മാതൃകാപരമായി കരുപ്പിടിച്ചെടുക്കാൻ കടപ്പെട്ടിരിക്കുന്ന പ്രശസ്തമായൊരു സ്ഥാപനത്തിലാണ് ഞാൻ പ്രവർത്തിക്കുന്നത്. എനിക്കാ പ്രക്രിയയുമായി എടുത്തുപറയത്തക്ക പ്രത്യക്ഷബന്ധമൊന്നുമില്ല. എങ്കിലും, അദ്ധ്യാപനം അധികമധികം ഫലപ്രദമാക്കാനുള്ള മുഖ്യ പരിപാടികളെ മുൻനിർത്തി നടക്കുന്ന ചർച്ചകളെക്കൊണ്ട് ഇവിടുത്തെ അന്തരീക്ഷം മുഖരിതമായിരിക്കേ, ഞാൻ പലപ്പോഴും മാറിയിരുന്ന് ആലോചിക്ക പതിവുണ്ട്: എല്ലാം കൊള്ളാം; ഒന്നു മാത്രമേയുള്ളു സംശയം – ഏതു പരീക്ഷണത്തിനും നിർബാധം വഴങ്ങിക്കൊടുക്കുന്ന നിർജീവ പദാർത്ഥങ്ങളാണ് കുട്ടികൾ എന്നെങ്ങാനുമാണോ ഈ ചർച്ചകൾ കൊണ്ടുനടക്കുന്നവരുടെ സങ്കല്പം! പ്രകൃതിയിലെ ഏറ്റവും പ്രതികരണക്ഷമങ്ങളായ വിഭവങ്ങളാണ് തങ്ങളുടെ വരുതിയിൽ വരുന്ന വിദ്യാർത്ഥികൾ; അത്ര പ്രത്യേകമായ ശ്രദ്ധയോടെ വേണം അവരെ എടുത്തുപെരുമാറാൻ – ഈ വശം അദ്ധ്യാപകൻ ഒരിക്കലും വിസ്മരിച്ചുകൂടാ.

ഈ വശത്തെക്കുറിച്ചു ചർച്ച നടത്തുക എന്നതു താരതമ്യേന എളുപ്പമല്ല. ആധുനിക മനശ്ശാസ്ത്രം ഈ വഴിക്കു കുറെ വെളിച്ചം വീശുന്നുണ്ട്. ശരിതന്നെ. അതുപക്ഷേ, സിദ്ധാന്തപരമേ ആവൂ; പ്രായോഗികമായ വെളിച്ചമാണ് വേണ്ടതെങ്കിൽ മറ്റു മാർഗങ്ങൾകൂടി ആരായേണ്ടിവരും. ആ പ്രയാസം വിചാരിച്ചിട്ടോ എന്തോ, അദ്ധ്യാപകർക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന മൗലികമായ ഈ മാനസികപ്രശ്നത്തെക്കുറിച്ച് മതിയാവോളം ചർച്ച നടക്കാറില്ല എന്നു തോന്നുന്നു. സംഘടനകൾക്കു കൂടുതൽ സരളമായും സജീവമായും ചർച്ച ചെയ്യാൻ ശമ്പളസംബന്ധിയും സാങ്കേതികവുമായ പ്രശ്നങ്ങൾ വേറേക്കിടക്കുന്നു! എന്നിരിക്കെ, ഈ പ്രശ്നം ആരുണ്ടു പരിഗണിക്കാൻ? ഓരോ അദ്ധ്യാപകനും സ്വന്തം അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ആവശ്യമായ പരിശീലനം ഈ മണ്ഡലത്തിൽ ഉണ്ടാക്കിയെടുത്തുകൊള്ളുക എന്നേ പറയാനാവൂ. താനാർജിക്കുന്ന സാഹിത്യസംസ്കാരമാവും ഇക്കാര്യത്തിൽ അദ്ധ്യാപകന്റെ തന്റേടത്തിനു കനംവെപ്പിക്കുന്ന പരോക്ഷഘടകം. ഇതിന്നു സഹായകമായ ഒരു കവിതയുടെ കാര്യം ഒന്നു സ്മരിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ.

സുകുമാരകവിയുടെ കഥ നമ്മുടെ നാട്ടിൽ പണ്ടേ സുവിദിതമാണല്ലോ. ഗുരുദ്രോഹത്തിന് ഓർത്തുപോയതുകൊണ്ടുള്ള കൊടുംപാപത്തിന്റെ ഉമിത്തീയിൽ ശിഷ്യൻ ഉരുകിത്തീരുന്ന കഥ ഇന്നത്തെ കാലത്തിന് അനഭിഗമ്യമായ ഒരുതരം ആദർശദീപ്തി ഉൾക്കൊള്ളുന്നു. അതിന്റെ മറുവശമാലോചിച്ചാലോ: ശിക്ഷിക്കപ്പെട്ട ശിഷ്യൻ പ്രതികാരത്തിന് ഒരുമ്പെടുന്നതും അതിലെ പാതകം മനസ്സിലാക്കി ഒടുക്കം പ്രായശ്ചിത്തത്തിൽ സ്വയം ഹോമിക്കുന്നതുമാണല്ലോ അവിടെ കാണുന്നത്. അതിനു സമാന്തരമായി, ശിക്ഷിച്ച ഗുരുതന്നെ ആ ശിക്ഷ ശിഷ്യനിലേല്പിച്ച ആഘാതത്തെത്തുടർന്ന് തുറന്നുപറയാൻ വയ്യാത്ത വേദന വിഴുങ്ങേണ്ടിവന്നാലത്തെ അവസ്ഥയൊന്നു സങ്കല്പിച്ചുനോക്കുക. 'ചൂരലിന്റെ മുൻപിൽ' എന്ന കവിതയിലൂടെ ഇടശ്ശേരി അത്തരമൊരവസ്ഥയിൽ പിടയുന്ന ഒരദ്ധ്യാപകന്റെ ഹൃദയം പിളർന്നെടുത്തുവെച്ചിരിക്കയാണ്. *കുറുമ്പുകൊണ്ട് അത്രയ്ക്ക് നിവൃത്തിയില്ലാഞ്ഞപ്പോഴാണ് താനൊരു കുട്ടിയെ ശിക്ഷിച്ചത്. അപ്പോഴത്തെ അസഹ്യമായ രോഷത്തിൽ ശിക്ഷ അല്പം നിലവിട്ടുപോയോ ആവോ... ഏതായാലും അതിന്റെ ഫലം അവിചാരിതമാംവണ്ണം ദാരുണമായിപ്പരിണമിച്ചു. അപരാധബോധംകൊണ്ട് ആ അദ്ധ്യാപകന്റെ ആത്മാവു വീർപ്പുമുട്ടി. മനസ്സാക്ഷി ധർമബോധത്തിന്റെ ചൂരൽത്തല്ലേറ്റു വിങ്ങിപ്പൊട്ടി. അതിന്റെ ദയനീയമായ കഥയാണ് ഈ കവിത.

ആ അദ്ധ്യാപകന്റെ ആത്മനിവേദനത്തിന്റെ രൂപത്തിലാണ് കവിത അനാവൃതമാകുന്നത്. ഈ രൂപസംവിധാനം ഭാവസാക്ഷാൽക്കാരത്തിനു ഏറെ സഹായകവുമായിരിക്കുന്നു. ആവിഷ്കരിക്കപ്പെടുന്നത് സൗന്ദര്യമാവട്ടെ വൈരൂപ്യമാവട്ടെ, അകൃത്രിമായ ആത്മാവിഷ്കാരം കവിതയെ ആകർഷകമാക്കുന്നു. ഈ വിവക്ഷയോടെയാണ് കവി ആരംഭിക്കുന്നത്.

"നിതരാം സൗരഭ്യമോ, വീശട്ടെ ദുർഗന്ധമോ;
ഹൃദയം തുറക്കുമ്പോൾ സുന്ദരം സുമമേതും."

അനുഭവാഖ്യാനമാണ്, ആവണം, കവിത എന്ന കാല്പനികവീക്ഷണം അനുസ്മരിക്കുക. അതിനാൽ

"പാവമീയദ്ധ്യാപകൻ ഹൃദയം, തുറന്നതിൻ
കേവല വൈരൂപ്യത്തെ മായ്ക്കുമ്പോൾ വിലക്കൊല്ലേ"

എന്ന അർത്ഥന ഈ കവിതയ്ക്ക് അർത്ഥഗർഭമായ അവതാരികയായിക്കരുതാം.

പുതിയ ഒരദ്ധ്യാപനവർഷം പിറന്നിരിക്കയാണ്. അന്തരീക്ഷം അപ്പോൾ ഇരുണ്ടുമൂടിക്കെട്ടി നിൽക്കുന്നു. ഭൂമിയുടെ മുഖത്ത് ഒരു നെടുവീർപ്പ് ഇഴഞ്ഞുനീണ്ടുനടക്കുന്നു. ആ നേരത്ത് താൻ ക്ലാസിൽ കയറിയെത്തി. ജയിച്ചുവന്ന കുട്ടികളാണു നിറച്ചും. വെളിച്ചം തുളുമ്പുന്ന കുളിർത്ത മുഖങ്ങൾ. മുന്നിൽ മൂന്നുവരിയായി നിരന്നിരിക്കുന്ന ആ കുട്ടികളെ കാൺകേ, തന്റെ മനസ്സും തെഴുത്തുപൂത്തുവന്നു.

"പല പൂക്കളാൽക്കോർത്ത മൂവിഴമാല്യം സമാ-
ദരപൂർവമെൻ മാറിൽച്ചാർത്തിയപോലെ തോന്നി."

പക്ഷേ, അങ്ങു പിൻബഞ്ചിൽ ചടഞ്ഞുകൂടിയ ചില കുട്ടികളുടെ ചിത്രം ആ സന്തോഷത്തിലും സംതൃപ്തിയിലും പിളർപ്പു വീഴ്ത്തുകയാണ്. അവർ പാവം, പരീക്ഷയിൽ തോറ്റു പോയിരിക്കുന്നു. 'കൊയ്തേറും കണ്ടങ്ങളിൽ കൊയ്ത്തരിവാളെത്താതെ കൂടിയ ആ കൂളൻ കതിരുകൾ' ആദ്യമുണർത്തുന്നത് അനുകമ്പതന്നെ.

"ഉറ്റവർക്കഴ,ലോതിത്തന്നവർക്കഴൽ- അയ്യോ
തോറ്റ മക്കളേ, നിങ്ങളെന്തൊരു നിർഭാഗ്യങ്ങൾ!"

(കുട്ടി തോറ്റുപോവുന്നതിനു തൃപ്തികരമായ വിശദീകരണം കൊടുക്കാനാവാഞ്ഞാൽ അദ്ധ്യാപകന്റെ ശമ്പളം വെട്ടിക്കുറയ്ക്കുമെന്നോ മറ്റോ ഇതിനിടെ ഉത്തരവുണ്ടായിരുന്നതായി കേട്ടു. ഇപ്പോഴത്തെ നിലയെന്തോ! അതുകൂടിയുണ്ടെന്നു വരട്ടെ, എന്നാൽ, 'ഓതിത്തന്നവർക്കഴൽ' എന്നതിന്റെ അർത്ഥം ശരിക്കും തികഞ്ഞു.)

താൻ ആ തോറ്റ കുട്ടികളുടെ കാര്യത്തെക്കുറിച്ചു വിശേഷിച്ചു വീണ്ടുവിചാരം നടത്തിനോക്കി. ഒരുത്തൻ വെറും വിഡ്ഢി; വേറൊരുത്തന് കൃഷിപ്പണിയുടെ തിരക്കിൽ പഠിക്കാൻ വേണ്ടത്ര പഴുതു കിട്ടുന്നില്ല. പക്ഷേ അതൊന്നുമല്ലാതെയുണ്ട് ഒരുത്തൻ- പടുവികൃതിയായ അച്ചുതൻ. അവൻ പഠിക്കുമോ എന്നൊന്നു പരീക്ഷിക്കുതന്നെ വേണമല്ലോ. ശിക്ഷിച്ചാൽ ഫലമുണ്ടാവുമോ - ഇടയ്ക്കു മെല്ലെ ചെവിപിടിച്ചുതിരുമ്മുകയും മറ്റും ചെയ്താൽ? ഇടശ്ശേരിയുടെ സ്വതസിദ്ധമായ ശൈലിയിൽ ഈ ആശയം ഇതാ ഇങ്ങനെ ആവിഷ്കരിക്കപ്പെടുന്നു:

"നിങ്ങൾതൻ കശക്കിയ കാതിനിജ്ജയം പെറു-
മെൻ ഭഗീരഥയത്നം കവർന്ന ജഹ്നുക്കളെ!"

തനിക്കോർമയുണ്ട്. ഈ അച്ചുതനെ കൊണ്ടുവന്നു ചേർക്കുമ്പോൾ അവന്റെ അച്ഛൻ തച്ചുനന്നാക്കി ആ കാട്ടുമാടത്തം മാറ്റിയെടുക്കണം എന്ന് ഏല്പിച്ച കാര്യം. എങ്കിലും, എന്നുവെച്ച്, താനങ്ങനെ ചെയ്യാമോ? ലോകത്തിന്റെ ഉദ്യാനത്തിൽ ഈശ്വരൻ വിടർത്തിയ പൂക്കളാണ് കുട്ടികൾ എന്ന സത്യം എങ്ങനെ വിസ്മരിക്കാൻ? അവയെ താനായിട്ടു തല്ലിച്ചതയ്ക്കയോ? മാത്രമല്ല,

"തല്ലുവാനേല്പിക്കുമ്പോൾ
തൻകിശോരൻതൻ മൂർദ്ധ്നി
താണനുഗ്രഹപാണിപോലെ
കണ്ണുകൾ രണ്ടും;
വീണ്ടുമുന്നീതങ്ങളാ,
മെൻനേർക്ക,ല്ലസ്സൗഭാഗ്യ-
ബന്ധത്തെത്തനിക്കിട്ടുകൊടുത്ത
വിണ്ണിൻനേരെ!"

പുത്രൻ ആകാശത്തിന്റെ പുണ്യസമ്മാനമാണെന്ന് ആ അച്ഛനറിയാം. പിഞ്ചുകുട്ടികളുമായി പെരുമാറിപ്പോരുന്ന അദ്ധ്യാപകനോ - അയാളും വേണ്ടേ അതറിയുക?

ആ ഓർമയോടെ കൺമുന്നിൽ പൂത്തുലയുന്ന ക്ലാസിന്റെ ഉദ്യാനം ഉറ്റുനോക്കുമ്പോൾ, എന്തൊരുല്ലാഘതയാണ്! കൂവിപ്പാടി കൂടണയുന്ന കുരുവികളെപ്പോലെ കുട്ടികൾ എത്തിച്ചേരുകയാണ്.

"ചിലർ ചേടിമൺപുള്ളിക്കുത്താർന്ന കുപ്പായക്കാർ,
ചിലരാ ലോലം നനഞ്ഞീറനായ്- ത്തോർത്തുന്നവർ,
ചിലരെക്കാണുമ്പോഴേയ്ക്കിളകും ബഞ്ചിന്റെ കാൽ,
ചിലരെപ്പൊഴും വീഴും ബഞ്ചിന്മേലിരിപ്പവർ..."

എന്തു വൈചിത്ര്യം, എന്തൊരു വർണശബളത! മണിയൊച്ച മുഴങ്ങേണ്ട താമസം, ചാട്ടവും ഓട്ടവും ഒക്കെ നിലച്ച് ക്ലാസ് മൂകമാവുകയായി. ഈ മാന്ത്രികവിദ്യയിൽ അദ്ഭുതവും അഭിമാനവും കലർന്ന് തന്റെ മനസ്സ് വെല്ലുവിളിച്ചുപോവുകയാണ്;

"പാഞ്ഞുപോം കൊടുങ്കാറ്റേ,
വരുനീ, നിന്നെത്തരു-
പാളിയിൽ നൃത്തംവെയ്ക്കാ
നിവിടെപ്പഠിപ്പിക്കാം!"

അതത്രേ അദ്ധ്യാപകൻ സാധിക്കുന്നത് അഥവാ സാധിക്കേണ്ടത്.

തളമ്പിട്ട ആ ചൈതന്യത്തിനു പാഠങ്ങളുപദേശിക്കുക എന്നതു തനിക്കും ഉജ്ജീവകമായ ഒരനുഭവം തന്നെ. അദ്ധ്യാപകന്റെ ജീവിതത്തിലെ ചരിതാർത്ഥമായ നിമിഷങ്ങൾ അവ മാത്രമാണ്. അദ്ധ്യാപനം നിർത്തി വിശ്രമിക്കുന്ന നേരത്തൊക്കെ നൂറുകൂട്ടം വേവലാതി മനസ്സിൽ നൂലാമാല

നിവർത്തുന്നു. അതുകൊണ്ടു തനിക്കു തോന്നാറുണ്ട്:

“ആലശീലകളാലേ
വിശ്രമം ക്ഷീണിപ്പിപ്പൂ
വേലയാലദ്ധ്യാപകൻ നേടുന്നൂ
നവോന്മേഷം.”

എന്നല്ല, ആത്മാർപ്പണപൂർവം അദ്ധ്യാപനം നടത്തുകയാണെന്നിരിക്കട്ടെ; അപ്പുറത്ത് അത് ആശാവഹമായ പ്രതികരണം ഉണർത്തുകയാണെന്നുമിരിക്കട്ടെ; ആ ആഹ്ലാദം അനന്വയമായ ഒരനുഭൂതിതന്നെയാണ്. ഉപയോഗിക്കാവുന്നതിൽവെച്ച് ഏറ്റവും ഉൽകൃഷ്ടമായ ഒരുപമയാണ് ഇടശ്ശേരി ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

“ജിജ്ഞാസാപൂർണങ്ങളാം മുഖങ്ങൾക്കെതിർനിന്നു
വിജ്ഞാനം വാരിക്കോരിക്കൊടുക്കാൻ കഴിയുമ്പോൾ
ചുരന്ന മുല ചോരിവായിൽ ച്ചേർത്തെല്ലാം മറ–
ന്നിരിക്കും പെറ്റമ്മയെത്തോല്പിപ്പൂ ഗുരുനാഥൻ.”

പ്രപഞ്ചത്തിലെ സേവനപ്രക്രിയകളിൽ എതിരില്ലാത്ത ഒന്നാണല്ലോ അമ്മ ഏറ്റെടുക്കുന്നത്. അവനവന്റെ പ്രാണരക്തത്തിന്റെ തെളി ചുരത്തിക്കൊടുത്ത് പുതിയ ജീവകലകൾ തെഴുപ്പിച്ചെടുക്കുന്ന ആ സേവന പ്രക്രിയയോട് അടുത്തുനിൽക്കുന്നു അദ്ധ്യാപകന്റേതും. മൗലികമായ ഒരന്തർദ്ദാഹത്തിന്റെ മഹത്തായ സന്തർപ്പണമാണ് പുത്രപോഷണത്തിലൂടെ അമ്മ എന്നതുപോലെ ശിഷ്യപോഷണത്തിലൂടെ അദ്ധ്യാപകനും സാധിക്കുന്നത്. ഇതിലെ ആദർശപരതകൊണ്ടോ എന്തോ, എന്നെ നന്നെ ആകർഷിച്ചവയാണ് ഈ ഈരടികൾ. അടിച്ചേല്പിക്കാവുന്ന എല്ലാ പരിശീലനങ്ങൾക്കും അതീതമായി, അവയെക്കാളെല്ലാം ആന്തരമായി, ആജന്മസിദ്ധമെന്നു വിശേഷിപ്പിക്കേണ്ട എന്തോ ഒരംശംകൊണ്ട് അനുഗൃഹീതനായിരിക്കണം ഓരോ അദ്ധ്യാപകനും എന്നു വിശ്വസിക്കാൻ ഇഷ്ടപ്പെടുന്ന കൂട്ടത്തിലാണ് ഞാൻ. അന്യഥാ നിഷേധിക്കപ്പെട്ട മാതൃത്വത്തിന്റെ മാധുര്യം എനിക്കും അനുഭവിക്കാൻ ഒരവസരംകൂടിയാണ് ഈ അദ്ധ്യാപകവൃത്തി എന്നു ഇടശ്ശേരി ആശ്വസിപ്പിക്കുന്നതായത്രെ ഇതു വായിക്കുമ്പോൾ ഞാനഭിമാനിക്കാറുള്ളത്!

ഇടയ്ക്കു സൂചിപ്പിച്ചുകൊള്ളട്ടെ: അദ്ധ്യാപനത്തെ ആദർശപരമായും പ്രായോഗികമായും പല വിതാനങ്ങളിൽനിന്നും വീക്ഷിച്ചുകൊണ്ടുള്ള പ്രഭാഷണങ്ങൾ പ്രശസ്തമായ ഈ സ്ഥാപനങ്ങളിൽ കൂടക്കൂടെ നടക്കാറുണ്ട്. പലതും പലപ്പോഴും പ്രതീക്ഷിക്കാവുന്നതുപോലെ, ഉപചാരമാത്രമാവും. പക്ഷേ, കൂട്ടത്തിലൊന്ന് കഴിഞ്ഞകൊല്ലം എന്നെ വിശേഷിച്ചു സ്പർശിക്കയുണ്ടായി. ബാഗ്ലൂർ സർവകലാശാലാ വൈസ്ചാൻസലർ പ്രൊഫസർ വി.കെ. ഗോകക്കായിരുന്നു പ്രഭാഷകൻ. ഉജ്വലമായ തന്റെ പ്രഭാഷണത്തിലുടനീളം അദ്ദേഹം ഊന്നിപറഞ്ഞ ഒരാശയം ഇതായിരുന്നു: അദ്ധ്യാപകാനാവാനും വേണം പ്രത്യേകമായൊരു പ്രതിഭ. സാഹിത്യാദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം ഇതു കുറേക്കൂടി സത്യമാണ്. കവിതയെഴുതുന്നത് ഏതോ ദിവ്യമായ അസ്വാസ്ഥ്യംകൊണ്ടാണ് എന്ന വീക്ഷണം വിഖ്യാതമാണല്ലോ. അതേ വർഗത്തിൽപെടുന്ന മറ്റൊരസ്വാസ്ഥ്യം അഥവാ ആവേശംകൊണ്ടേ ഇതു വിജയകരമായി പഠിപ്പിക്കാനും പറ്റൂ എന്നദ്ദേഹം വിശദമാക്കി. അല്ലാതെ വെറുതെ പദ്ധതികൾ പരീക്ഷിച്ചതുകൊണ്ടു മാത്രമായില്ല. വേറൊരുവഴിക്കും വിടുതിനേടാനാവാത്ത ഒരസ്വാസ്ഥ്യത്തിന്റെ അഥവാ ആവേശത്തിന്റെ അപ്രതിരോദ്ധ്യമായ ഊക്കുകൊണ്ട്, ഒട്ടൊക്കെ അനിവാര്യമായി വേണമത്രേ കവിത പഠിപ്പിക്കാൻ. മറ്റു വിഷയങ്ങളുടെ കാര്യത്തിലും ഇതു കുറെയൊക്കെ പ്രസക്തമാവും. പഠിപ്പിക്കാതിരിക്കാൻ പറ്റാത്തതുകൊണ്ടു പഠിപ്പിക്കുന്നു– മഹത്തായ ഏതു മാനുഷികവ്യാപാരത്തെക്കുറിച്ചും എന്നപോലെ, അദ്ധ്യാപനത്തെക്കുറിച്ചും ഈ പ്രസ്താവം പരമാവധി അർത്ഥഗർഭമാവണം – അതിനാവട്ടെ ഓരോ അദ്ധ്യാപകന്റേയും പരിശ്രമമെന്ന് ഡോക്ടർ ഗോകക്ക് ഉദ്ബോധിപ്പിച്ചു. എന്നെ വശീകരിച്ചുകളഞ്ഞ ആ പ്രഭാഷണം കേട്ടുകൊണ്ടിരിക്കുമ്പോൾ ഞാൻ മനസ്സുകൊണ്ടു ഇടശ്ശേരിയുടെ ഈരടികൾ മന്ത്രിക്കയുമായിരുന്നു.

അത്രയൊക്കെ ആത്മാർപ്പണത്തോടെ, ആദർശബോധത്തോടെ, താൻ അദ്ധ്യാപനം നിർവഹിക്കവേ, അപ്പുറത്തു കുട്ടി നിശ്ശേഷം അശ്രദ്ധ കാണിച്ചാൽ പിന്നെ പ്രകോപിതനാവാതിരിക്കുമോ! കടലിൽനിന്നു കര തെളിഞ്ഞുവന്ന കേരളപ്പിറവിയുടെ കഥയ്ക്ക് ഭൂഗർഭശാസ്ത്രപരമായി താനൊരു നൂതനവ്യാഖ്യാനം കല്പിക്കയായിരുന്നു. കാര്യം ഒരുപക്ഷേ, ആ കൊച്ചുകുട്ടികളുടെ കൊക്കിലൊതുങ്ങാത്തതാവാം. എന്നാലും താനങ്ങനെ “ആഖ്യാനം തകർക്കവേ”, പിൻബഞ്ചിലിരുന്ന് പെൻസിൽത്തുമ്പത്ത് ഉറുമ്പിനെ പിടയിച്ച് മറ്റു കുട്ടികൾക്കു പ്രദർശനമൊരുക്കുന്ന അച്ചുതന്റെ ധിക്കാരം തനിക്കു പൊറുക്കാൻ കഴിഞ്ഞില്ല. അതോടെ അന്നത്തെ ക്ലാസ്സ് നിർത്തി. മഴ പൊട്ടിവീഴും മുൻപു വീടെത്തിക്കൊള്ളാനായി കുട്ടികളെയൊക്കെ വിട്ടയച്ച് ഒടുക്കം താനും വീട്ടിലേയ്ക്കു മടങ്ങുകയായിരുന്നു. അച്ചുതനുണ്ട് അപ്പോൾ ഓടയിൽ കടലാസുതോണി ഒഴുക്കിക്കൊണ്ട് നിരത്തുവക്കത്തു നിൽക്കുന്നു.

ഇതോർത്തുകൊണ്ട് അച്ചുതനെ പ്രത്യേകം ഉന്നംവെച്ച് ഒരിക്കൽ താൻ ക്ലാസിൽ ഉപദേശിച്ചു: പണിക്കും കളിക്കും സമയം വെവ്വേറെ പങ്കുവെയ്ക്കുക.

“നെല്ലിനു നിലംവേറെ,

മേച്ചിൽക്കുവേറേ, രണ്ടും
കൊള്ളാതെയാമേ കൂടിച്ചേർത്തൊരു
തുണ്ടാക്കുമ്പോൾ.”

പക്ഷേ, ഈ ഉപദേശം ഏറെനേരം തുടരാനൊത്തില്ല. അതിനു മുൻപ് അച്ചുതൻ പോക്കറ്റിൽനിന്നു പുറത്തെടുത്ത അണ്ണാർക്കണ്ണൻ ക്ലാസിലാകെ ആർപ്പുവിളിയുടെ കലാപം ഉയർത്തിക്കഴിഞ്ഞു.

ഇനി എന്തുവേണം? എത്രയായാലും ഇവൻ മെച്ചപ്പെടില്ലേ? എന്നു കരുതി, അങ്ങനെ നിരാശനാവാമോ? അഗാധമായ ഖനിയിൽനിന്നു കുഴിച്ചെടുത്തശേഷം അത്രമേൽ അദ്ധ്വാനിച്ചു ശുദ്ധിചെയ്യുമ്പോഴാണല്ലോ അയിർമണ്ണ് അച്ചുലോഹമായി മാറുന്നത്. അദ്ധ്യാപകനും അത്രതന്നെ നിഷ്കർഷിച്ച് നിരന്തരമായി അദ്ധ്വാനിക്കേണ്ടതുണ്ട്. എന്നാലേ ഇന്നത്തെ കുട്ടിയെ നാളത്തെ പണിത്തരത്തിനു പാകത്തിലാക്കാൻ പററൂ. പ്രശാന്തനായി താൻ ആ പ്രക്രിയ തുടർന്നു.

“ഒറ്റയ്ക്കു കൂടെക്കൂട്ടീട്ടുപദേശിപ്പൂ, പോരാ
കൂട്ടത്തിൽ നിർത്തീട്ടധിക്ഷേപിച്ചു,
വീണ്ടും വീണ്ടും
തെറ്റുകൾ ചൂണ്ടിക്കാട്ടി-
ശ്ശാസിച്ചൂ, സ്വന്തം കണ്ണു
പൂട്ടിയും കഴിഞ്ഞു ഞാൻ
പ്രത്യഹമാശാപൂർണം.”

ഒന്നിനും ഫലം കണ്ടില്ലെന്നുമാത്രം. ഒടുക്കമെന്തായി:

“എന്നിലെ യശോദമാർ
മരിച്ചുപിന്നെപ്പിന്നെ-
യെങ്കിലും സാന്ദീപനിയാ-
യുഷ്മാനായേ വാണൂ.”

അതായത്, കുട്ടിയുടെ ഏതു കുറ്റവും പൊറുക്കണമെന്നു പ്രേരിപ്പിക്കുന്ന വാത്സല്യം അസ്തമിച്ചാലും ശരി, ഗുരുനാഥനെന്ന നിലയ്ക്കുള്ള സ്നേഹം അപ്പോഴും അവശേഷിക്കതന്നെ ചെയ്തു. സാമദാനഭേദങ്ങളല്ലാതെ, അവസാനത്തെ നയം പരീക്ഷിക്കാൻ സമയമായില്ലെന്ന് താൻ അപ്പോഴും ആത്മനിയന്ത്രണം പാലിച്ചുപോന്നു.

ഒരുനാൾ താൻ ക്ലാസിൽ കയറിച്ചെല്ലവേ, ക്ലാസിലെ കുട്ടികൾ നിരക്കേ തലകുനിച്ചുകൊണ്ട് എഴുന്നേറ്റു നിന്നു. എന്നാൽ, അവിടെ പിൻബഞ്ചിൽമാത്രം എന്തോ പന്തികേട്. തുമ്മൽ, പരുങ്ങൽ, കണ്ണുചിമ്മൽ... തുടർന്നു ചെന്നുനോക്കുമ്പോഴല്ലേ, ‘അല്പാല്പമായി ക്ഷോഭിക്കാൻ തുടങ്ങുന്ന അഗ്നിപർവതം പോലെ’ പുകതുപ്പുകയാണ് അച്ചുതൻ! ഇത്രയുമെത്തിയപ്പോൾ തന്റെ നിയന്ത്രണത്തിന്റെ നില തീരെ തെററിപ്പോയി. ദുസ്വഭാവത്തിന്റെ ദുർഗന്ധം ബീഡിപ്പുകയുടെ കെട്ട മണത്തിലൂടെ മറ്റു കുട്ടികളിലേയ്ക്കുകൂടി വമിക്കുന്ന ആ കുറ്റവാളിക്കു പിന്നെ മാപ്പുകൊടുക്കയോ... അടക്കിനിർത്തിയിരുന്ന അമർഷം മുഴുവൻ അണമുറിഞ്ഞൊഴുകുകയായിരുന്നു - ഇരുകൈയും കൂട്ടിപ്പിടിച്ചു നീക്കിനിർത്തി അവന്റെ മേൽ ഇടിത്തീപോലെ തന്റെ ചൂരൽ തെല്ലിട തത്തി.’

അതിലിരട്ടി ദാഹകമായ ശക്തിയോടെ ധർമബോധത്തിന്റെ ചൂരൽ തന്റെ മനസ്സാക്ഷിക്കുമേൽ പതിയുക എന്നതായിരുന്നു അതിന്റെ പരിണതഫലം. കാരണം, പിറ്റേന്ന് അച്ചുതൻ ക്ലാസിൽ വന്നില്ല. തന്റെ മനസ്സ് ഏതുനേരവും അതുതന്നെ മാഴ്കിക്കൊണ്ടിരുന്നു. വല്ലപാടും വൈകുന്നേരമാക്കി. മുറ്റത്തെ കൊച്ചു പൂന്തോട്ടവും നോക്കി വരാന്തയിൽ കുറ്റിനാട്ടിയപോലെ നില്പാണു താൻ. അതുവരെ ചീറിപ്പെയ്ത പേമാരിയിൽ പിച്ചകപ്പൂക്കളതാ തല്ലേറ്റു തളർന്നു കുഴഞ്ഞപോലെ നിൽക്കുന്നു. കരച്ചിൽ നിലച്ചിരിക്കുന്നു, എന്നാലും കാറ്റത്തു തോട്ടത്തിന്റെ തേങ്ങൽ അപ്പോഴും ഉയരുന്നുണ്ട്. നേരമെത്തുംമുൻപുതന്നെ രാത്രിയുടെ കരിഞ്ചിറക് ആകാശംനീളെ മൂടിക്കഴിഞ്ഞു. സന്ദർഭത്തിന്റെ സവിശേഷതയാൽ, എടുത്തുപറയാതെത്തന്നെ നമുക്കറിയാം, ഈ മഴയും കാറ്റും ഇരുളുമെല്ലാം, അപരാധബോധംകൊണ്ടു പിടയുകയും ചുളിയുകയും ചെയ്യുന്ന ആ അദ്ധ്യാപകന്റെ മനസ്സിലെ അനുഭവങ്ങളത്രെ. ഇവിടെ ചുറ്റുപാടിന്റെ ഈ ചിത്രം വരച്ചതിലെ കലാവിദ്യ സ്തുത്യർഹമാണെന്നുമാത്രം പറഞ്ഞു ചുരുക്കിക്കൊള്ളട്ടെ.

ചളി വഴുക്കുന്ന വരമ്പത്തുകൂടെ ചകിതമായ കാൽവെപ്പോടെ താനിറങ്ങി നടക്കുന്നു. അരുതാത്തത് എന്തോ ചെയ്തുപോയ പോലെ ലോകം തന്റെ കണ്ണിൽ ഇരുണ്ടും വിറച്ചും കനത്തു തൂങ്ങവേ അന്തിത്തിരി മുനിഞ്ഞു കത്തുന്ന അച്ചുതന്റെ വീട്ടുകോലായിൽ കയറിയെത്തുന്നു. അകത്ത് ആരോ പിച്ചും പേയും പറയുന്നതു കേൾക്കുന്നുണ്ടല്ലോ. ‘മൂകത തളംകെട്ടി നിൽക്കുമദ്ദിക്കിൽ ശ്ലോകമൂഢനായിക്കയ്യും കെട്ടി’ വാണിരുന്ന അച്ചുതന്റെ അച്ഛൻ തന്നെക്കണ്ടതോടെ സൽക്കരിച്ചിരുത്താൻ ഒന്നു സംഭ്രമിച്ചു. പിന്നെ ആ നോട്ടം അരുമപ്പൈതലിലേക്കുതന്നെ കുനിയുകയും ചെയ്തു. അമ്മയാവട്ടെ, സന്നികൂടി പിച്ചും പേയും പറയുന്ന മകനിൽനിന്നു കണ്ണെടുക്കുന്നതേയില്ല. കൈ ഇടയ്ക്ക് ആ നെറ്റിയിൽനിന്നൊന്ന് എടുക്കുന്നുണ്ടെങ്കിൽ അത് ആ നിറകണ്ണ് ഒപ്പുവാൻ മാത്രം. കണ്ണിൽ തറയ്ക്കാതിരിക്കാനായി വെളിച്ചം തലയ്ക്കൽനിന്നു മറച്ചുവെച്ചിട്ടുണ്ട്. എന്നാലെന്തേ, താൻ നോക്കുമ്പോൾ അച്ചുതന്റെ മുഖം:

"നാളമാമിഴികളിൽ
വീഴായ്‌വാൻ മറച്ചോരു
നീലദീപത്തിന്റേതാം
മങ്ങലിൽക്കിടന്നാലും
അമ്മുഖം പ്രതിമാത്രം
മാറിടും സ്വപ്നംപോലെ
മങ്ങിയും മയങ്ങിയും
കാണായിദയനീയം."

തന്നെ ആ കുട്ടിക്കു തിരിച്ചറിയാനായില്ല. മറിഞ്ഞു മറിഞ്ഞു പോവുന്ന ആ മിഴി മറ്റെന്തോ തിരക്കുകയാണല്ലോ. അബോധമായോ സബോധമായോ ആ മുഖം 'ബീഡി ഞാൻ വലിക്കില്ല മേലിൽ' എന്നോ മറ്റോ ആവർത്തിച്ചാവർത്തിച്ച് ആണയിടുംപോലെ തനിക്കു തോന്നുന്നു. വയ്യ, നോക്കിനിൽക്കാൻ വയ്യ.

"വേദനയാലേ വക്രീഭൂതമാം
ചുണ്ടിൽ നിന്നെൻ
ഭീതമാം മിഴിവലിച്ചെൻമുഖം
തിരിച്ചൂ ഞാൻ."

എന്നിട്ട് പുറത്തിറങ്ങുകയല്ല, ഇരുണ്ട പാതാളത്തിലേയ്ക്ക് ഇഴഞ്ഞു കടക്കുകതന്നെയാണുണ്ടായത്.

രാത്രി ഒരുപോള കണ്ണടയ്ക്കാൻ കഴിഞ്ഞില്ല. അങ്ങനെ ദുഃസ്വപ്നജടിലമാം രാത്രിയെക്കണ്ണിൽപ്പേറി 'ദുഃസ്ഥ'നായിക്കൊണ്ടുതന്നെയാണ് പിറ്റേന്നു താൻ പള്ളിക്കൂടത്തിലെത്തിയത്. കുടവെള്ളംകൊണ്ടു നനച്ചുവളർത്തിയ തോട്ടം കാറ്റ് ഒടിച്ചിട്ട തളിർച്ചില്ലകളോടെ ആ മുറ്റത്ത് മരിച്ചുകിടക്കുന്നു. തന്റെ അപരാധബോധം അടങ്ങാത്ത വിങ്ങലായി വീക്കം വെയ്ക്കുകയാണ്.

"പലതിൽച്ചിലതത്രേ നീണ്ടു
നിൽക്കുന്നൂ, ശശ്വൽ-
പ്രകൃതിയുദാസീനം നില്പിലും
നാശത്തിലും!"

എന്നൊക്കെ താൻ തത്ത്വവിചാരം ചെയ്തു നോക്കി. പക്ഷേ, അതുകൊണ്ടൊന്നും പറ്റുന്നില്ലല്ലോ മനസ്സാക്ഷിക്കു സമാധാനിക്കാൻ. ക്ലാസിൽച്ചെന്നു ജനൽ തുറക്കുന്നതിനു മുൻപ് കാലിൽത്തടയുന്നതൊന്നും ബഞ്ചുകളല്ല, വെറുങ്ങലിച്ച ശവശരീരങ്ങളാണ്! ഇത്ര ഭാവതീവ്രമായ ഒരലങ്കാരം എവിടെയൊക്കെത്തിരഞ്ഞാലും ഏറെയൊന്നും കണ്ടെത്താൻ കഴിയില്ല. സൂചിത്തലപ്പത്തെപ്പോലെ സൂക്ഷ്മമായ ഏകാഗ്രസമാധി എന്നൊക്കെപ്പറയേണ്ടത് ഇങ്ങനെയൊന്നവതരിപ്പിച്ച പ്രതിഭയെക്കുറിച്ചല്ലേ! ക്രൂരതയുടെ സാധകനായ ഇടശ്ശേരിക്ക് ഇക്കാര്യത്തിൽ ഇത്രയും സമർത്ഥമായ വിജയം കൈവരുന്നു എന്നതുതന്നെ സ്വാഭാവികം തന്നെ.

...പക്ഷേ, താനെന്തിനിങ്ങനെ കിടന്നു പതറുന്നു? അച്ചുതനെ ശിക്ഷിച്ചതു തക്ക കാരണമുണ്ടായിട്ടുതന്നെയാണല്ലോ. അദ്ധ്യാപകധർമത്തിൽ തനിക്കു അടിപിഴച്ചിട്ടില്ല. അങ്ങനെ സ്വയം പ്രത്യായനം വഴി സ്വല്പം പ്രശാന്തനാവാൻ നോക്കുമ്പോഴും മനസ്സ് കിടന്നു പിടയുകയാണ്.

"അഞ്ചുന്നിതെമ്മട്ടെല്ലാം മാനസം
ധർമത്തിന്റെ
വൽചൂരൽപ്രയോഗത്തെ നേരിടും
സന്ദർഭത്തിൽ!"

കുട്ടികളെ ശിക്ഷിക്കാമോ അരുതേ എന്ന കാര്യത്തിൽ അദ്ധ്യാപകനെ അനുശാസിക്കേണ്ടത്, അവനവന്റെ അവിചാല്യമായ ധർമബോധമാണെന്നർത്ഥം. അതിന്റെ ചൂരൽ പിന്നീടു തന്റെ നേരെ ചുഴന്നുവീഴുന്നില്ലെങ്കിൽ - എങ്കിൽ സാരമില്ല, ശിക്ഷിച്ചതിന്റെ പേരിൽ പേടിച്ചു ചൂളാനില്ല.

കുട്ടികൾ പതിവുപോലെ കൈയിൽ പുസ്തകക്കെട്ടും പേറി കടന്നെത്തുകയാണ്. പക്ഷേ, ചിന്നിപ്പോയ തന്റെ കണ്ണിൽ പതിയുന്നതാവട്ടെ, അച്ഛന്മാർ സ്വന്തം മക്കളെ നീട്ടിപ്പിടിച്ച് അരികത്തണയുന്ന അസ്ഫുടമായ കാഴ്ചയാണ്. 'വന്ദനം' എന്നാവാം കുട്ടികളുടെ ചുണ്ടു മന്ത്രിക്കുന്നത്. തന്റെ മനസ്സ് പക്ഷേ, കേൾക്കുന്നത് "തിന്നുകൊൾക, ഇവരേയും തിന്നുകൊൾക" എന്നത്രെ. എന്തൊരശക്തി, എന്തസ്വാസ്ഥ്യം...

അങ്ങനെ ഉള്ളിന്റെ ഉള്ളിൽ ഏറെ അളക്കുകയും ചൊരിയുകയും നടത്തിയിട്ടാവാം അന്ന് ആ അദ്ധ്യാപകൻ പള്ളിക്കൂടംവിട്ടിറങ്ങുന്നത്. ഇത്തരം ഘട്ടങ്ങളിൽ അതല്ലാതെ ആശ്വാസത്തിനു മറ്റൊരു മാർഗവുമില്ലല്ലോ. ഏതായാലും ഏറെനാളിനുശേഷം സൂര്യരശ്മി പതിഞ്ഞ് അന്നു പാത തെളിഞ്ഞിരിക്കുന്നതായി തനിക്കു തോന്നി. മരങ്ങളൊക്കെ നനഞ്ഞ കണ്ണും തോർത്തി നില്പാണ്. ഓടച്ചാലിലെ വെൺനുര 'ഇനിയെന്ത്' എന്ന ഭാവത്തിൽ ഒഴുക്കുന്നു. അപ്പോൾ ചളിപ്പറ്റുവിട്ട വരമ്പിലൂടെ ഉറച്ചുചവിട്ടി താൻ അച്ചുതന്റെ വീട്ടിൽ ചെന്നുകയറി. ഇവിടെ പരിസരവർണനയിലെ ഓരോ സൂചനയും അർത്ഥഗർഭമാണ് എന്നു പറയേണ്ടതില്ലല്ലോ.

താൻ ചെന്നു കയറുമ്പോൾ വീട്ടുകാരൻ പൂമുഖത്തിരിക്കുന്നു - ഉറച്ച ഭാവമാണ് മുഖത്ത്. ഒ

ഴുക്കിലുലയാതെ കരയ്ക്കു നിൽക്കുന്ന ഉച്ചുപിടിച്ച പാറപോലുണ്ട് അയാൾ. സങ്കോചത്തോടെ താൻ അന്വേഷിക്കയാണ്: "അച്ചുതന്ന്...?" നിഷ്പ്രഭമായ ആ മിഴി നിലത്തേയ്ക്കു കുനിഞ്ഞതായിരുന്നു അതിനു കിട്ടിയ ഉത്തരം. കുനിഞ്ഞ മിഴി തുടർന്ന് വീണ്ടും ഉയർന്നു; തന്റെ നേർക്കല്ല. പിന്നെയോ ആ പുണ്യഖണ്ഡത്തെ തട്ടിപ്പറിച്ചെടുത്ത വിണ്ണിന്റെ നേർക്ക്...

ഇറങ്ങിപ്പോരവേ, ആ അദ്ധ്യാപകന് ആശ്വസിക്കാമോ? അതെ, ഈശ്വരനിശ്ചയംകൊണ്ടാണ് അച്ചുതൻ മരിച്ചുപോയത്. താനതിനു കാരണക്കാരനല്ല എന്ന്? മുൻപു തോന്നിയ തത്ത്വജ്ഞാനം അയാളുടെ മനസ്സ് അപ്പോഴും ആവർത്തിക്കാൻ മുതിരുമോ:

"പലതിൽച്ചിലതത്രേ
നീണ്ടുനിൽക്കുന്നു, ശശ്വൽ-
പ്രകൃതിയുദാസീനം
നില്പിലും നാശത്തിലും"

എന്ന തത്ത്വജ്ഞാനം? മുതിർന്നാലും മനസ്സിന്റെ പിടച്ചിൽ അതുകൊണ്ട് ഒതുങ്ങുമോ? അതൊക്കെ വായനക്കാർക്കു വിട്ടുതന്നുകൊണ്ട് ഭാവോത്തരംഗിതമായ പാകത്തിൻ ഇടശ്ശേരി കവിത ഭദ്രമായി സമാപിപ്പിച്ചിരിക്കുന്നു.

ഈ സമാപനവും, പിന്നെ ആവിഷ്കാരത്തിലാകെ അവിടവിടെ സന്ദർഭാനുസാരം കാണിച്ച അതാതു മിടുക്കുകളുമടക്കം എല്ലാ അംശങ്ങളും ഇത്തരമൊരാസ്വാദനപ്രബന്ധത്തിൽ പ്രസക്തം തന്നെ. മലയാളത്തിലെ അപൂർവം നല്ല നാടകീയ സ്വഗതോക്തികളിൽ (dramatic monologue) അഗ്രിമസ്ഥാനത്തണയുന്ന ഒന്നാവാം ഈ കവിത. ആ നിലയ്ക്ക് ഇതിന്റെ വികാരതീവ്രത വിശദീകരിച്ചുകൊണ്ട് അങ്ങനെയൊരു സമീപനവും സംഗതമാണ്. എങ്കിലും അതിനൊന്നും തൽക്കാലം ഉദ്ദേശമില്ല. അദ്ധ്യാപകനെ ഉന്നമാക്കിക്കൊണ്ട് ഈ കവിതയ്ക്ക് എന്തു പ്രത്യേക പ്രസക്തിയുണ്ടെന്നു എടുത്തുകാട്ടാൻ മാത്രമേ ഉദ്ദേശിക്കുന്നുള്ളു.

ഓരോ കവിതയും ഓരോ മിഴിവുറ്റ രൂപശില്പമാവുകയാണ്, ഒന്നാമതായി വേണ്ടത്. (ഈ കവിത അക്കാര്യത്തിൽ എത്രത്തോളം വിജയിച്ചിരിക്കുന്നു എന്ന് ഇവിടെ വേണ്ടത്ര വ്യക്തമാക്കിയിട്ടില്ല. എന്നാലും അവിടവിടെ നൽകിയ ഏതാനും സൂചനകളിൽനിന്ന് ഏതാണ്ടെന്റെ വിവക്ഷ വിശദമായിട്ടുണ്ടാവും എന്നു വിശ്വസിക്കുന്നു.) അതോടെ കവിത അർത്ഥഗർഭമായിക്കഴിയുന്നു. ഈ അർത്ഥഗർഭതയുണ്ടല്ലോ, അനുവാചകരുടെ അതാതു വിതാനത്തിനൊത്ത് ഇത് അല്പാല്പമൊക്കെ വ്യത്യാസപ്പെട്ടുകൂടെന്നില്ല. കവിത എന്നതു പലരും പല വിതാനത്തിൽ സാക്ഷാൽക്കരിക്കുന്ന ബഹുമുഖമായ ഒരനുഭവമത്രെ. പ്രഭാതംപോലെ എന്നോ മറ്റോ പറയാം. പൂ വിരിയുന്നു, വെളിച്ചം പരക്കുന്നു, കിളി പാടുന്നു. കാറ്റുണരുന്നു- ഒക്കെ പ്രഭാതത്തിന്റെ അംശങ്ങൾ തന്നെ ഓരോരുത്തർ ഓരോ അർത്ഥത്തിലാവാം പ്രഭാതമെന്ന പ്രതിഭാസം ഉൾക്കൊള്ളുന്നത്. എങ്കിലും എല്ലാം ഒത്തിണങ്ങുമ്പോഴേ പ്രഭാതമെന്ന സമഗ്രരൂപം പ്രതിഭാസിക്കയും ചെയ്യൂ. ഇതുതന്നെ കവിതയുടേയും നില. ഒരു തനി സാഹിത്യവിദ്യാർത്ഥി (അങ്ങനെയൊരാളുണ്ടെങ്കിൽ!) ഇടശ്ശേരിയുടെ ഈ കവിത വിലയിരുത്തുമ്പോൾ, അപരാധബോധം കരണ്ടുതിന്നുന്ന ആ അദ്ധ്യാപകന്റെ ഹൃദയത്തിൽ ഇതു നടത്താവുന്ന ശുദ്ധികലശം കണക്കിലെടുക്കുമോ ആവോ? തിരിച്ച് ഒരദ്ധ്യാപകൻ വിലയിരുത്തുമ്പോഴാവട്ടെ, മറ്റേതു ശില്പസാഫല്യത്തേക്കാളുമധികം ഈ ലക്ഷ്യസാദ്ധ്യതയാവും മാനിക്കപ്പെടുന്നത്.

അതെന്തോ ആവട്ടെ. ഈ കവിതയെക്കുറിച്ച് എനിക്കുള്ള ഒരഭിലാഷംകൂടി അവസാനമായി ഇവിടെ കുറിച്ചിടട്ടെ: കവിത ആസ്വദിക്കാനും അനുശീലിക്കാനുമുള്ള കഴിവ് ഒരടിസ്ഥാനഘടകമെന്ന നിലയിൽ ഓരോ അദ്ധ്യാപകന്നും ഉണ്ടാവണം എന്നഭിലഷിച്ചിട്ടു കാര്യമില്ല. അത് അദ്ധ്യാപനവൃത്തിക്കുള്ള ഒരാവിശ്യമായി അംഗീകരിക്കപ്പെടുകയും വേണം.

* അദ്ധ്യാപകനോടുള്ള പ്രതികാരവാഞ്ഛയാണ് ഒരുതരത്തിൽ ഈ കവിതയുടെയും അടിസ്ഥാനപ്രചോദനം! ചെറുപ്പത്തിൽ പെരുക്കപ്പട്ടിക പഠിക്കാത്ത കുറ്റത്തിന് ഒരദ്ധ്യാപകൻ കവിയെ പൊതിരെ തല്ലുകയുണ്ടായത്രെ. അദ്ദേഹത്തിന്റെ സ്നേഹം തനിക്കറിയാം. എന്നാലും, അദ്ദേഹത്തിനു തക്ക ശിക്ഷയെന്ന നിലയിൽ താനൊന്നു മരിച്ചുപോയാൽ എത്ര നന്നായിരുന്നു എന്ന് ആശിച്ചുപോലും. എങ്കിൽ അദ്ദേഹവും കരയുമല്ലോ. കാലപ്പഴക്കംചെന്ന ഈ വിചാര ബീജമാണ് ഇത്തരമൊരു കവിതയായി മുളച്ചത് എന്നു കവി സമ്മതിച്ചിരിക്കുന്നു. (തെരഞ്ഞെടുത്ത കൃതികളിൽ ഈ കവിതയ്ക്കു കവി തന്നെ എഴുതിയ അടിക്കുറിപ്പ്.) എന്നിട്ടും, കവിത വിദ്യാർത്ഥിയുടെ കാഴ്ചപ്പാടിലല്ല. അദ്ധ്യാപകന്റേതിലാണ് എഴുതിയത് എന്ന വശം കൗതുകകരമത്രെ. ഇടശ്ശേരിയുടെ കലാവിദ്യ വരുത്തിയ ആ വൈചിത്ര്യം ഹേതുവായിട്ടാണ് ഇവിടെ ഈ കവിത ഈ ശ്രദ്ധേയമായി ചർച്ചയ്ക്കെടുക്കേണ്ടിവന്നതും.

വിദ്യാലോകം - റിപ്പബ്ലിക് പതിപ്പ്